(രൂപ കോടിയിൽ)

തൊഴിലില്ലായ്മ വേതനം

12/98 മുതൽ 12/99 വരെയ്ക്ക് കുടിശ്ശികയുണ്ട്.

ഇതിൽ 10/99 വരെയുള്ള കുടിശ്ശിക തുക	37.00
അഗതി/വിധവ പെൻഷൻ കുടിശിക	6.30
കർഷകത്തൊഴിലാളി പെൻഷൻ	25.90
വികലാംഗ, മന്ദബുദ്ധികൾക്കായുള്ള പെൻഷൻ	3.65
ദേശീയ വാർദ്ധക്യകാലപെൻഷൻ സംസ്ഥാന വിഹിതം	2.01
കാൻസർ/കുഷ്ഠരോഗി പെൻഷൻ	0.21
സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ	2.23
മത്സ്യ തൊഴിലാളി പെൻഷൻ	4.32

44 (357) ജീവനക്കാരുടെ ശമ്പളത്തിന് ചെലവായ തുക

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി എന്തു തുക ശമ്പളം, ഡി.എ., ഇതര അലവൻസുകൾ എന്നീ ഇനങ്ങളിൽ ആകെ ചെലവായിട്ടുണ്ടെന്ന് 2000 ജനുവരി 31 വരെയുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഈ കാലഘട്ടത്തിൽ പ്രതിമാസം പെൻഷൻ തുക, പെൻഷൻ ആനുകൂല്യങ്ങൾ, ഫാമിലി പെൻഷൻ എന്നീ ഇനങ്ങളിൽ എന്തു തുക ആകെ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കാലഘട്ടത്തിൽ പദ്ധതി ചെലവുകൾക്ക് എന്തു തുകയാണ് വകയിരുത്തുകയുണ്ടായതെന്നും അവയിൽ എത്ര വീതം ചെലവാക്കുക ഉണ്ടായി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശമ്പളം, ഡി.എ., ഇതര അലവൻസുകൾ എന്നീ ഇനങ്ങളിൽ ആകെ ചെലവായ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

1996-97	2616.66 കോടി
1997-98	2803.26 കോടി
1998-99	3261.92 കോടി

1999-2000 ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭിച്ചിട്ടില്ല.

(ബി) ഈ കാലഘട്ടത്തിൽ പെൻഷൻ തുക, പെൻഷൻ ആനുകൂല്യങ്ങൾ, ഫാമിലി പെൻഷൻ എന്നിവയ്ക്ക് ചെലവായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ താഴെച്ചേർക്കുന്നു.

(രൂപ കോടിയിൽ)

LIBRARY ARCHIVES Kerala Legislative Assembly

1996-97	1997-98	1998-1999
534.42	668.61	858.80
121.76	130.40	135.48
89.33	102.92	146.39

(സി) സംസ്ഥാന പദ്ധതി ചെലവുകൾ താഴെ ചേർക്കുന്നു.

വർഷം	അംഗീകരിച്ച തുക (തുക കോടിയിൽ)	ചെലവഴിച്ച തുക
1996-97	2200.00	2179.68
1997-98	2698.66	3210.71
1998-99	3039.09	3147.41 (താത്കാലികം)
1999-2000	3250.00	കണക്കുകൾ ലഭിച്ചിട്ടില്ല.

45 (358) കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ

<u>ശ്രീ. സി. മോയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ലിമിറ്റഡിന് സംസ്ഥാനത്ത് എത്ര ശാഖകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ശാഖകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എത്ര പുതിയ ശാഖകൾ ആരംഭിച്ചു;

(ഡി) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചേളന്നൂർ പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എന്നത്തേയ്ക്ക് ഇത് അനുവദിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 204 ശാഖകൾ ഉണ്ട്.

(ബി) ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിച്ച് ശാഖകൾ ലാഭകരമായി നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരുടെയും, സർക്കാരിന്റെയും അനുമതിയോടെയാണ് പുതിയശാഖകൾ ആരംഭിക്കുന്നത്.

(സി) 35 പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ശാഖ ലാഭകരമായി നടത്താൻ സാധിക്കുമെന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly